# സ്വാതന്ത്ര്യം ഒരു മരീചിക

സമയം രാവിലെ ആറരമണി ബോട്ടിൽ കയറിപ്പറ്റിയപ്പോൾ വിമലയുടെ മനസ്സ് സ്വന്തം വീടിനെപ്പറ്റിയായി. ഇനി എന്തുചെയ്യണം? എവിടെ പോകണം? 13വയസ്സുകാരിയായ മകളെ എങ്ങിനെ സംരക്ഷിക്കണം? മകനെ എങ്ങിനെ സദ്‌വൃത്തനായി വളർത്തണം?. ചിന്തകൾ നിണ്ടപ്പോഴേക്കും ബോട്ട് ജട്ടിയിലെത്തി വേഗത്തിൽ ഇറങ്ങി നടന്നു. സമയത്തിന് പണിയെടുക്കുന്ന വീട്ടിലെത്തിയില്ലെങ്കിൽ കൊച്ചമ്മയുടെ മുഖം കറുക്കും. ഒരു നേരത്തെ ആഹാരമെങ്കിലും സ്വസ്ഥമായി കഴിക്കാം. കിട്ടുന്ന ശമ്പളം കൊണ്ട് അത്യാവശ്യം കാര്യങ്ങൾ നടത്താം.എന്താണ് സ്ത്രീകൾക്ക് ജീവിതം?വിമലയുടെ കദനകഥയുടെ ഏടുകൾ നിവർത്തിയപ്പോൾ തോന്നി. വേദനിക്കാൻ വേണ്ടി മാത്രം ജനിച്ചവൾ. മീൻപിടുത്തം തൊഴിലാക്കിയ ഭർത്താവ്. രണ്ടുകുട്ടികൾ പക്ഷെ മദ്യപാനത്തിന്റെയും, കഞ്ചാവിന്റെയും അടിമ. ഒരു ദിവസം വിമലപറഞ്ഞു. ചേച്ചി ഞാൻ ഈ കഴിക്കുന്ന ഭക്ഷണമുണ്ടല്ലോ? അതുമാത്രമാണ് ഞാൻ സ്വൈരമായി കഴിക്കുന്നത്.

വൈകിട്ട് വീട്ടിലെത്തിയാൽ പിടിപ്പതു ജോലിയുണ്ട് എല്ലാവർക്കും. ഭക്ഷണം കൊടുത്ത് ഞാൻ കഴിക്കാനിരിക്കുമ്പോഴേക്കും അയാൾ വന്ന് പ്ലേറ്റിൽ തുപ്പിനിറക്കും. ഞാനതെടുത്ത് പുറത്തേക്ക്കളയും. തുടർന്ന് അടിയും, തൊഴിയും എന്റെ മകനും ഇതു കണ്ടല്ലെ വളരുന്നത്? അവനെ ഇത്തവണ ശബരിമലക്കയക്കണമെന്നാഗ്രഹമുണ്ട്. പക്ഷെ വിളക്കുകണ്ടാൽ അയാൾ അതെടുത്ത് ദൂരെകളയും. കഞ്ചാവ് വിചാരിക്കുന്ന സമയത്തു കിട്ടിയില്ലെങ്കിൽ ഭ്രാന്തുപിടിച്ച പോലെയാണ് പെരുമാറ്റം. സത്യം പറയാമല്ലോ? അമ്മ പെങ്ങൾ ഭേദമില്ലാത്ത അയാൾ താമസിക്കുന്ന വീട്ടിൽ എന്റെ മകളെ നിർത്തിപ്പോരാൻ കൂടി ഞാൻ ഭയക്കുകയാണ്. തരംകിട്ടിയാൽ അവളെയും അയാൾ ഉപയോഗിക്കാതിരിക്കില്ല. അവൾ പൊട്ടിക്കരഞ്ഞു. ഒരു നിമിഷം വിമലയിലൂടെ ഞാൻ ജീവിക്കുകയായിരുന്നു നിനക്ക്എല്ലാം ഇട്ടെറിഞ്ഞ് എവിടെക്കെങ്കിലും രക്ഷപ്പെട്ടുകൂടെ വിമലേ? ഞാൻ ചോദിച്ചു. എങ്ങോട്ടു പോകാനാണ് ആരാണെന്നെ സ്വീകരിക്കുക അയൽപക്കക്കാർക്കു പോലും എന്റെ വീട്ടിൽ കടന്നുവരാൻ ഭയമാണ്. ഒരു മനുഷ്യനും അങ്ങോട്ടു തിരിഞ്ഞു നോക്കില്ല. നോക്കിയാൽ അതിനുള്ള ശിക്ഷയും ഞാൻ തന്നെയാണ് ഏറ്റുവാങ്ങേണ്ടത്. എന്റെ മകളെ ഞാനെങ്ങിനെ സംരക്ഷിക്കും.

പല തവണ ആത്മഹത്യയെക്കുറിച്ചു ചിന്തിച്ചതാണ്. പക്ഷെ, അതു ഒന്നിനും ശാശ്വതപരിഹാരമല്ലല്ലോ? ഒടുവിൽ ആ തിരുമാനം തന്നെ കൈക്കൊള്ളേണ്ടി വരുമോ എന്തോ! ഇത് എറണാകുളത്തുള്ള വൈപ്പിൻ ദ്വീപിലെ അനുഭവ കഥ. പാവപ്പെട്ട പല വീടുകളിലും സംഭവിക്കുന്നതിതാണ്. സ്ത്രീകൾ പലപ്പോഴും ഭർത്താക്കന്മാർക്ക് കുടിക്കാനും, കഞ്ചാവിനുമായി പണിയെടുത്തു കാശുകൊടുക്കേണ്ടി വരുന്നു. ഇതിനൊരു പരിഹാരം പലപ്പോഴും മനസ്സ് മനസ്സിനോടു ചോദിക്കുന്നു. ഈ പാവപ്പെട്ട പെൺകുട്ടികളെ ഈ നരകത്തിൽ നിന്നും രക്ഷിക്കാൻ എന്താണ് മാർഗ്ഗം. സ്വന്തം കുട്ടികളെ ചിറകിലൊതുക്കി ഭർത്താവിന്റെ കൺമുമ്പിൽ നിന്നു മാറ്റിനിർത്താനുള്ള വ്യാമോഹത്തിൽ ജീവിതത്തിൽ എന്തെല്ലാം വേദനകളാണ് ഇവർ അനുഭവിക്കുന്നത്.

വൃത്താന്തപാത്രങ്ങൾ വായിച്ചു വായിച്ച്
എത്താകെ മാറാല കെട്ടിയ മാത്രയിൽ
ഓർത്തു പോയ് ദ്രൗപദീ നിൻജീവിതത്തിലെ
ഉർത്തുൾക്കാട്ടുകളെൻ മാതൃഭൂമിയിൽ
പേർത്തു മുളക്കുന്നിതാവർത്തനങ്ങളാൽ
ആർത്തു തഴക്കുന്ന കാമപിശാചികൾ
നിർവസ്ത്രരാക്കി രസിച്ചു രതിക്രീഡ
നിർവ്വഹിക്കുന്നു നിരാലംബനകളിൽ
നിശ്വാസമോടിന്നു കൈമലർത്തുന്നുവോ
നിസ്സഹായങ്ങളാൽ രാഷ്ട്രമിമാംസകൾ

ശ്രീ പാലാ നാരായണൻ നായർ ദ്രൗപതി എന്ന കവിതയിലൂടെവരച്ച ദ്രൗപതിയുടെ ചിത്രം മാതൃഭൂമിയിലെ ഓരോ പാവപ്പെട്ട സ്ത്രീകളുടെയും കഥയാണോ എന്നുസംശയിച്ചുപോകുന്നു സ്ത്രീകൾക്കുവേണ്ടി എവിടെയും കൂട്ടായ്മകളുണ്ട്.ചർച്ചകളുംസെമിനാറുകളുമുണ്ട്. എവിടെയും ചർച്ചചെയ്യപ്പെടുന്നതോ അവരുടെ അവകാശങ്ങൾ, ഉണർച്ചകൾ എന്നിട്ടുമെന്തേ സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ പെരുകുന്നത് ഒരു സ്ത്രീയെ ഭർത്താവിന്റെ ചെയ്തികൾ എത്ര നൈരാശ്യത്തിലാഴ്ത്തിയാലും അവൾ കടിച്ചു പിടിച്ചു ജീവിക്കുന്നു. എന്തു കൊണ്ട്? കുഞ്ഞുങ്ങളുമായുള്ള പൊക്കിൾകൊടി ബന്ധം, മാതൃത്വത്തിന്റെ മഹത്വം ഒരമ്മക്കുമാത്രമെ അതറിയാനാവൂ. എന്നെങ്കിലും അവൾക്കൊരാശ്വാസം പ്രത്യാശിക്കാൻ വകയുണ്ടോ? അനതിവിദൂര ഭാവിയിലെങ്കിലും ജീവിക്കാനുള്ള സ്വാതന്ത്ര്യം അവൾക്കു ലഭിക്കുമോ? കണ്ടുതന്നെ അറിയണം.

ലക്ഷ്മിദേവി, തൃശൂർ-7